**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 426** **21-03-2025 - ൽ മറുപടിയ്ക്ക്**

**കർഷക കടാശ്വാസ കമ്മീഷൻ ക്ലെയിമുകൾ തീർപ്പാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സണ്ണി ജോസഫ്, ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, ശ്രീ. സജീവ് ജോസഫ്, ശ്രീ. സനീഷ്കുമാർ ജോസഫ്** | | **ശ്രീ. പി. പ്രസാദ് (കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | കർഷക കടാശ്വാസ കമ്മീഷൻ ശിപാർശ ചെയ്ത നൂറ്റിയെൺപത് കോടിയോളം രൂപയുടെ ക്ലെയിമുകൾ ഇനിയും വിതരണം ചെയ്യാനുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | **ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കടാശ്വാസ കമ്മീഷന്റെ പ്രവർത്തനം ഊർജ്ജിതമാക്കി. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ഇടുക്കി, വയനാട് ജില്ലകളിലെ കർഷകർ 31.08.2018 വരെയും മറ്റ് ജില്ലകളിലെ കർഷകർ 31.03.2014 വരെയും എടുത്ത വായ്പകൾ മാത്രമാണ് കമ്മീഷന് അവാർഡിനായി പരിഗണിക്കുവാൻ സാദ്ധ്യമായിരുന്നത്. തുടർന്ന് കടാശ്വാസം പരിഗണിക്കുന്നതിനുള്ള വായ്പാ കാലാവധി രണ്ട് വർഷം ദീർഘിപ്പിച്ചു. ഇടുക്കി, വയനാട് ജില്ലകളിലെ കർഷകർ 31.08.2020 വരെയും മറ്റ് 12 ജില്ലകളിലെ കർഷകർ 31.03.2016 വരെയും എടുത്ത വായ്പകൾ കൂടി കടാശ്വാസത്തിന് പരിഗണിക്കുവാനുള്ള നടപടികൾ കൈക്കൊണ്ടു. അർഹരായ കർഷകർക്ക് അപേക്ഷ സമർപ്പിക്കു-വാനുള്ള തീയതി 2023 ഡിസംബർ 31 വരെയായി നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയും 01.03.2019 മുതൽ 10.06.2019 വരെ കമ്മീഷനിൽ ലഭ്യമായതും കടാശ്വാസത്തിന് അപേക്ഷിക്കുവാനുള്ള അവസാന തീയതിയ്ക്കുശേഷം പരിഗണ-നയ്ക്കായി സമർപ്പിക്കപ്പെട്ടതുമായ 33526 അപേക്ഷകൾ കൂടി പരിഗണിക്കുന്നതിനുള്ള പ്രത്യേക അനുമതിയും നൽകുകയുണ്ടായി. ഈ സർക്കാർ അധികാരമേറ്റശേഷം 244 സിറ്റിംഗുകൾ നടത്തി 79215 അപേക്ഷകൾ തീർപ്പാക്കി. ഇതുവരെ 366.68 കോടി രൂപയുടെ കടാശ്വാസം കമ്മീഷൻ കർഷകർക്ക് അനുവദിച്ചിട്ടുണ്ട്. അവാർഡ് ചെയ്യുന്ന തുക സഹകരണ സംഘം രജിസ്ട്രാറുടെ പരിശോധനയ്ക്കുശേഷം ബന്ധപ്പെട്ട സഹകരണ സ്ഥാപനങ്ങൾക്ക് നൽകി വരുന്നു. കമ്മീഷന്റെ അവാർഡ് പ്രാബല്യത്തിലാകുന്നതോടെ കർഷകരുടെ ബാദ്ധ്യത ഒഴിവാക്കി നൽകേണ്ടത്** |

| | | | |
|---|---|---|---|
| | | | **ബന്ധപ്പെട്ട സഹകരണ സ്ഥാപനത്തിന്റെ ചുമതലയാണ്. കർഷക ബാദ്ധ്യത ഒഴിവാക്കി നൽകിയ തുകയിൽ 84.57 കോടി രൂപ ബന്ധപ്പെട്ട സഹകരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്. ബാക്കി തുക നൽകുവാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.** |
| (ബി) | ഈ സർക്കാരിന്റെ കാലയളവിൽ കർഷക കടാശ്വാസ കമ്മീഷൻ ക്ലെയിമുകൾ നൽകുന്നതിന് അനുവദിച്ച തുക കുറവാണെന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; ക്ലെയിമുകൾ അടിയന്തരമായി തീർപ്പാക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ബി) | **ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കടാശ്വാസ കമ്മീഷന്റെ പ്രവർത്തനം ഊർജ്ജിതമാക്കി. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ഇടുക്കി, വയനാട് ജില്ലകളിലെ കർഷകർ 31.08.2018 വരെയും മറ്റ് ജില്ലകളിലെ കർഷകർ 31.03.2014 വരെയും എടുത്ത വായ്പകൾ മാത്രമാണ് കമ്മീഷന് അവാർഡിനായി പരിഗണിക്കുവാൻ സാദ്ധ്യമായിരുന്നത്. തുടർന്ന് കടാശ്വാസം പരിഗണിക്കുന്നതിനുള്ള വായ്പാ കാലാവധി രണ്ട് വർഷം ദീർഘിപ്പിച്ചു. ഇടുക്കി, വയനാട് ജില്ലകളിലെ കർഷകർ 31.08.2020 വരെയും മറ്റ് 12 ജില്ലകളിലെ കർഷകർ 31.03.2016 വരെയും എടുത്ത വായ്പകൾ കൂടി കടാശ്വാസത്തിന് പരിഗണിക്കുവാനുള്ള നടപടികൾ കൈക്കൊണ്ടു. അർഹരായ കർഷകർക്ക് അപേക്ഷ സമർപ്പിക്കു-വാനുള്ള തീയതി 2023 ഡിസംബർ 31 വരെയായി നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയും 01.03.2019 മുതൽ 10.06.2019 വരെ കമ്മീഷനിൽ ലഭ്യമായതും കടാശ്വാസത്തിന് അപേക്ഷിക്കുവാനുള്ള അവസാന തീയതിയ്ക്കുശേഷം പരിഗണ-നയ്ക്കായി സമർപ്പിക്കപ്പെട്ടതുമായ 33526 അപേക്ഷകൾ കൂടി പരിഗണിക്കുന്നതിനുള്ള പ്രത്യേക അനുമതിയും നൽകുകയുണ്ടായി. ഈ സർക്കാർ അധികാരമേറ്റശേഷം 244 സിറ്റിംഗുകൾ നടത്തി 79215 അപേക്ഷകൾ തീർപ്പാക്കി. ഇതുവരെ 366.68 കോടി രൂപയുടെ കടാശ്വാസം കമ്മീഷൻ കർഷകർക്ക് അനുവദിച്ചിട്ടുണ്ട്. അവാർഡ് ചെയ്യുന്ന തുക സഹകരണ സംഘം രജിസ്ട്രാറുടെ പരിശോധനയ്ക്കുശേഷം ബന്ധപ്പെട്ട സഹകരണ സ്ഥാപനങ്ങൾക്ക് നൽകി വരുന്നു. കമ്മീഷന്റെ അവാർഡ് പ്രാബല്യത്തിലാകുന്നതോടെ കർഷകരുടെ ബാദ്ധ്യത ഒഴിവാക്കി നൽകേണ്ടത് ബന്ധപ്പെട്ട സഹകരണ സ്ഥാപനത്തിന്റെ ചുമതലയാണ്. കർഷക ബാദ്ധ്യത ഒഴിവാക്കി നൽകിയ തുകയിൽ 84.57 കോടി രൂപ ബന്ധപ്പെട്ട സഹകരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്. ബാക്കി തുക നൽകുവാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.** |

സെക്ഷൻ ഓഫീസർ